കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കോഴിക്കോട് കോർപ്പറേഷൻ ബഹു. കോഴിക്കോട് സബ്.കോടതിയിലെ ഒ.എസ്. 354/08 നമ്പർ കേസ് വാദിക്കുന്നതിന് കോർപ്പറേഷൻ സ്റ്റാൻഡിംഗ് കൗൺസലിന് പകരം അഡ്വ.സി.പി.രാമചന്ദ്രമേനോനെ ചുമതലപ്പെടുത്തിയ നടപടി അംഗീകരിച്ചുകൊണ്ടും ടിയാന് വക്കീൽ ഫീസായി നല്കിയ 32000/- രൂപ അനുവദിച്ച നടപടി സാധൂകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്

സ.ഉ (സാധാ)നം.1535/2014/തസ്വഭവ തീയതി, തിരുവനന്തപുരം 18-6-2014

---

പരാമർശം: 1) കോഴിക്കോട് കോർപ്പറേഷന്റെ 12/3/2010 തീയതിയിലെ രണ്ടാം നമ്പർ , 16-7-2013 തീയതിയിലെ 51 നമ്പർ തീരുമാനങ്ങൾ

2) നഗരകാര്യ ഡയറക്ടറുടെ 5/6/2013-ലെ എഫ്2 - 6914/10 നമ്പർ കത്ത്

3) കോഴിക്കോട് കോർപ്പറേഷൻ മേയറുടെ 13/8/2013 ലെ C18- OS354/08 നമ്പർ കത്ത്

4) നഗരകാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടറുടെ 29/11/2013-ലെ സി 3393/2013 നമ്പർ കത്ത്

## ഉത്തരവ്

കോഴിക്കോട് കോർപ്പറേഷൻ വക വാർഡ് 1, ബ്ളോക്ക് 10, ടി.എസ് 743-ൽപ്പെട്ട 60.6 സെന്റ് സ്ഥലം റോട്ടറി ക്ളബിൽ നിന്നും ഒഴിപ്പിക്കുന്നത് സംബന്ധിച്ച ബഹു. കോഴിക്കോട് സബ്.കോടതിയിലെ ഒ.എസ്. 354/08 നമ്പർ കേസ് വാദിക്കുന്നതിന് കോർപ്പറേഷൻ സ്റ്റാൻഡിംഗ് കൗൺസലിന് പകരം കോഴിക്കോട് ബാറിലെ സീനിയർ അഡ്വക്കേറ്റായ അഡ്വ.സി.പി.രാമചന്ദ്രമേനോനെ പരാമർശം (1) പ്രകാരം ചുമതലപ്പെടുത്തിയ നടപടി അംഗീകരിക്കണമെന്നും ടിയാന് വക്കീൽ ഫീസായി നല്കിയ 32000/- രൂപ അനുവദിച്ച നടപടി സാധൂകരിക്കണമെന്നും പരാമർശം (3) പ്രകാരം മേയർ അഭ്യർത്ഥിച്ചു.

ടി സ്ഥലം ഒഴിപ്പിക്കുന്നതിന് പ്രസിഡന്റ്, റോട്ടറി ക്ളബ് കോഴിക്കോട് സബ് കോടതിയിൽ ഫയൽ ചെയ്ത ഒഎസ് 354/08 നമ്പർ കേസ് നിയമപരമായി വളരെയധികം സങ്കീർണതകൾ ഉള്ളതാണെന്നത് പരിഗണിച്ച് സീനിയർ അഭിഭാഷകനെ കേസ് ഏൽപ്പിച്ചത് ന്യായീകരിക്കാവുന്നതാണെന്നും അധികമായി ഫീസ് നല്കിയത് അംഗീകരിക്കാവുന്നതാണെന്നും പരാമർശം(4) പ്രകാരം നഗരകാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കേസ് വാദിക്കുന്നതിന് അഡ്വ.സി.പി.രാമചന്ദ്രമേനോനെ ചുമതലപ്പെടുത്തിയ കോഴിക്കോട് കോർപ്പറേഷന്റെ നടപടി അംഗീകരിച്ചുകൊണ്ടും ടിയാന് വക്കീൽ ഫീസായി നല്കിയ

32000/- രൂപ അനുവദിച്ച നടപടി സാധൂകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത തുക കോഴിക്കോട് കോർപ്പറേഷന്റെ തനത് വരുമാനത്തിൽ നിന്നും ഉൾക്കൊള്ളിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
കെ.കെ.രാജഗോപാലൻ നായർ
ഡെപ്യൂട്ടി സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി.

1. സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ, കോഴിക്കോട് 673 032
2. മേയർ, കോഴിക്കോട് കോർപ്പറേഷൻ
3. നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം
4. ഡയറക്ടർ,ലോക്കൽ ഫണ്ട്, തിരുവനന്തപുരം
5. പ്രിൻസിപ്പൽ എ.ജി(ഓഡിറ്റ്/എൽബിഎ&എ) കേരള, തിരുവനന്തപുരം
6. ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ